**D 91826** (Pages : 2) Name.....................................

Reg. No...................................

# THIRD SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2020

Malayalam

MAL 3B 03—MALAYALA KAVITHA – UTHARA KHATTOM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം.

1 'കുരുക്ഷേത്രം' ആരുടെ കവിതയാണ് ?

2 "എങ്ങനെ, യാരെ സ്നേഹിക്കും,
വെറുക്കും നീ"

—ഏതു കവിതയിലെ വരി ?

3 'സഫലമീ യാത്ര' എന്ന കവിത എഴുതിയതാര് ?

4 ചെമ്മനം ചാക്കോയുടെ കവിതാരീതിയുടെ പ്രത്യേകതയെന്ത് ?

5 "വിഷമജ്വരമെന്റെ ജീവിതം
പ്രശമിക്കാമൊരു തൂക്കുനാടയിൽ"

—എപ്പോൾ ?

6 'കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ' ആരുടെ വാക്കുകൾ ?

7 'വിക്ക്' എന്ന കൃതി എഴുതിയതാര് ?

8 "സ്നേഹോഷ്ണ വൈദ്യുതിയി,ലുരുകാത്ത മട്ടി-
ലുറയുന്നു മനുഷ്യ ഹൃദയങ്ങൾ"

—ഏത് കവിതയിലെ വരികൾ ?

9 'കൊച്ചിയിലെ വൃക്ഷങ്ങൾ' ആരുടെ കവിതാ സമാഹാരമാണ് ?

10 'പാവയൂണ്' എന്ന കൃതി എഴുതിയതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം :

11 "പറയുന്നു നാം പ്രിയകഥകളതുനേരം
നമ്മിലേക്കൊഴുകിയെത്തുന്നു"

—എന്തെല്ലാമാണ് ഒഴുകിയെത്തുന്നത് ?

12 "പാലകളിൽപ്പൂ വിരിയുമോ ?
നക്ഷത്രമാലകളാടുമോ മീതേ ?"

—എപ്പോൾ ? വിശദമാക്കുക.

**Turn over**

13 'ഒരു വിഡ്ഢി കണക്കേ നിൽപ്പൂ മൂകം' സൂചിതമെന്ത് ?

14 "അനിവാര്യമൊരന്ത്യരംഗമു-

ണ്ടതുവേഗം കഴിയുന്നതുത്തമം"

—ഈ വിചാരത്തിന് അടിസ്ഥാനമെന്ത് ?

15 "കേമന്മാരോമനിച്ചാലും

ചെവിവട്ടം പിടിച്ചു നീ"

—ആര് ? വ്യക്തമാക്കുക.

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

16 'മൃത്യുപൂജ'യിൽ തെളിയുന്ന ഭാവതലം വിശദീകരിക്കുക.

17 അവസരോചിതൻ അധികാരത്തെ ചൂഷണം ചെയ്യുന്നതെങ്ങനെയെല്ലാമാണ് ?

18 വീട്ടിൽ കവിയെ കാത്തിരിക്കുന്നത് എന്തെല്ലാമാണെന്നാണ് വിനയചന്ദ്രൻ പറയുന്നത് ?

19 'ആര് ചോദിച്ചാലും ടിക്കറ്റ് കാണിക്കരുത്' എന്ന കവി ഉപദേശിക്കാൻ കാരണമെന്ത് ?

20 'മറ്റൊരു വണ്ടിക്കാള' എന്ന് വണ്ടിക്കാരനെ വിശേഷിപ്പിച്ചതിലെ ധ്വനിതലം വിശദീകരിക്കുക.

21 'കോഴി' എന്ന കവിതയിലെ രാഷ്ട്രീയം വിശദമാക്കുക.

22 "പുണ്യപുരുഷന്മാർ മരിച്ചുപോയ്, ഭൂമിയുടെ

പുണ്യ, മിതു മിഥ്യാപുരാണം"

—അർത്ഥതലം വിശദീകരിക്കുക.

(5 × 5 = 25 marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

23 'പാതാളത്തിന്റെ മുഴക്കം' എന്ന കവിതയിലെ നഗരസങ്കല്പം എപ്രകാരമുള്ളതാണ് ? വിവരിക്കുക.

24 'നീതിയുടെ വൃക്ഷം' എന്ന കവിതയിലെ ആശയങ്ങൾ ക്രോഡീകരിക്കുക.

25 വിഷ്ണുനാരായണൻ നമ്പൂതിരിയുടെ കാവ്യരീതിയുടെ സവിശേഷതകൾ 'ഉർവ്വശീനൃത്ത'ത്തെ ആധാരമാക്കി വിവരിക്കുക.

26 'ആയിരം നാവുള്ള മൗനം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

27 'ദിവ്യദുഃഖത്തിന്റെ നിഴലിൽ' എന്ന കവിത അവതരിപ്പിക്കുന്ന ജീവിതദർശനം എന്താണ് ? വിവരിക്കുക.

28 ആധുനിക കവിതയും ആധുനികാനന്തര കവിതയും ഏതെല്ലാം തലങ്ങളിൽ വ്യത്യസ്തമായിരിക്കുന്നു ? പാഠ്യഭാഗത്തെ രചനകളെ ആധാരമാക്കി വിവരിക്കുക.

(4 × 10 = 40 marks)